# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം – 695 033


## കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ – കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ശിപാർശ അംഗീകരിച്ച് രണ്ട് വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ അമ്മമാരെ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് സംബന്ധിച്ച ചുമതലയിൽ നിന്നും ഒഴിവാക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

നമ്പർ : 854/2015/സം.തി.ക. തീയതി, തിരുവനന്തപുരം, 19.12.2015.

================================================================

പരാമർശം:– 1. ശ്രീ. ഇ. നന്ദകുമാർ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച 06.10.2015 ലെ പരാതി.

2. ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 29.10.2015–ലെ CRMP No. 4606/13/LA2/2015/KeSCPCR ഉത്തരവ്.

### ഉത്തരവ്

പരാമർശം (1) പ്രകാരം ശ്രീ. ഇ. നന്ദകുമാർ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതിയിൽ 3 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുള്ള അമ്മമാരെ തിരഞ്ഞെടുപ്പ് സംബന്ധമായ കർത്തവ്യങ്ങളിൽ നിന്നും ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഭാഗത്തു നിന്നും സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയുണ്ടായി.

2. ടി പരാതി പരിഗണിക്കവെ, ബാലാവകാശ കമ്മീഷൻ ഇപ്രകാരം അഭിപ്രായപ്പെട്ടു.

> ''2 വയസ്സ് വരെ സാധാരണ ഗതിയിൽ മുലയൂട്ടുന്ന പ്രായവും കുട്ടികൾക്ക് ശ്രദ്ധയും പരിരക്ഷയും മാതാവിന്റെ സാമീപ്യവും ഏറെ ആവശ്യമുള്ള കാലമാണ്. തിരഞ്ഞെടുപ്പ് ജോലിയിൽ നിയോഗിക്കപ്പെടുന്ന പക്ഷം ആയത് കുട്ടികളുടെ ഉത്തമതാത്പര്യത്തിന് അനുഗുണമാകില്ല. ആയതിനാൽ 2 വയസ്സിന് താഴെ പ്രായമുള്ള കൈകുഞ്ഞുള്ള അമ്മമാരെ തിരഞ്ഞെടുപ്പ് ചുമതലയിൽ നിന്നും ഒഴിവാക്കി കിട്ടേണ്ടത് കുട്ടികളുടെ ഉത്തമ താത്പര്യത്തിന് അത്യന്താപേക്ഷിതമാണ്.''

3. മേൽ പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ 2005 ലെ ബാലാവകാശ സംരക്ഷണ കമ്മീഷൻ നിയമത്തിലെ 15-ാം വകുപ്പ് പ്രകാരം, രണ്ട് വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ അമ്മമാരെ തിരഞ്ഞെടുപ്പ് ചുമതലയിൽ നിന്നും ഒഴിവാക്കി കൊണ്ട് ഉത്തരവുണ്ടാകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

4. ടി ശുപാർശ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിശദമായി പരിശോധിച്ചു. തുടർന്നുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ, രണ്ട് വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ അമ്മമാരെ തിരഞ്ഞെടുപ്പ് ചുമതലയിൽ നിന്നും ഒഴിവാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പ് ചുമതല സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്ന അവസരത്തിൽ കമ്മീഷന്റെ ഉത്തരവ് കർശനമായി പാലിക്കുവാനും ഇതിനാൽ നിർദ്ദേശം നൽകി ഉത്തരവാകുന്നു.

**പി. ഗീത**
സെക്രട്ടറി

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ & ജില്ലാ കളക്ടർമാർക്കും.

രജിസ്ട്രാർ, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി പി.ഒ., തിരുവനന്തപുരം - 34. (ആമുഖ കത്ത് സഹിതം)

കമ്പ്യൂട്ടർ പ്രോഗ്രാമർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ.

സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
ഒപ്പ്
സെക്ഷൻ ഓഫീസർ

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ - 2325048, 2337884
Fax : 0471-2338288, email : electionker@gmail.com, Website : www.sec.kerala.gov.in